"ഭരണഭാഷ-മാതൃഭാഷ"

നമ്പർ IT/ 26772 /2016

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
e-mail:swdkerala@gmail.com
www.sjd.kerala.gov.in,Ph:0471 2306040
തീയതി : 10/11/2017

സാമൂഹ്യനീതി ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ക്ഷേമസ്ഥാപന മേധാവികൾക്കും/ജില്ലാ സാമൂഹ്യനീതി ആഫീസർമാർക്കും

സർ,

വിഷയം: സാ:നീ:വ- ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തൽ-കെൽട്രോണിന് ആവശ്യമായ സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന: സർക്കാർ ഉത്തരവ് (സാധാ)നം.441/17 സാ.നീ.വ, തീയതി 22/07/2017

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. സുചന സർക്കാർ ഉത്തരവ് പ്രകാരം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ക്ഷേമസ്ഥാപനങ്ങളിലും കെൽട്രോൺ മുഖേന ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് വകുപ്പിന് അനുമതി ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ വഴി എല്ലാ ക്ഷേമസ്ഥാപനങ്ങളിലും ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭജോലികൾ ആരംഭിക്കുകയും നിലവിൽ ബയോമെട്രിക് മെഷീൻ സ്ഥാപിക്കുന്നതിനുള്ള ജോലികൾ നടന്നുവരുകയുമാണ്. ആയതിനാൽ താങ്കളുടെ കാര്യാലയത്തിൽ ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി എത്തിച്ചേരുന്ന കെൽട്രോണിന്റെ പ്രതിനിധികൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതും ഓരോ ക്ഷേമസ്ഥാപനങ്ങളിലേയും ജീവനക്കാരുടെ സമയക്രമങ്ങൾ പഞ്ചിംഗ് സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്നതിനായി ഓരോ ജീവനക്കാരുടേയും ഡ്യൂട്ടീസമയം സംബന്ധിച്ച വിശദാംശങ്ങൾ കെൽട്രോൺ പ്രതിനിധികൾക്ക് നൽകേണ്ടതുമാണ്. അതോടൊപ്പം ജീവനക്കാരുടെ വിരലടയാളം എടുക്കുന്നതിനും, തിരിച്ചറിയൽ കാർഡിന് ആവശ്യമായ ഡാറ്റ പൂരിപ്പിച്ച് നൽകുന്നതിനും സ്ഥാപനസൂപ്രണ്ടുമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വ്യക്തിഗതമായ യാതൊരുവിധ പരിഗണനകൾവെച്ചും ഒരു ജീവനക്കാരന്റേയും പഞ്ചിംഗിൽ നിന്നും ഒഴിവാക്കാൻ പാടുള്ളതല്ല.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി